"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ രൂപീകരിച്ച കൊവിഡ്-19 സെല്ലിൽ കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ (Decentralized Planning Division) ചീഫ് ആയ ശ്രീമതി ജോസഫൈൻ ജെ- യെ അംഗമായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.739/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/04/2020

---

പരാമർശം:- 1. 20/03/2020-ലെ സ.ഉ.(സാധാ.) നം.686/2020/ത.സ്വ.ഭ.വ.

2. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ സെക്രട്ടറിയുടെ 01/04/2020-ലെ 710/2020/DPD/SPB നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ പരാമർശം(1) ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കൊവിഡ്-19 സെല്ലിൽ, വിവിധ പ്രവർത്തനങ്ങളുടെ മികച്ച ഏകോപനം ഉറപ്പ് വരുത്തുന്നതിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ (Decentralized Planning Division) ചീഫിനെ കൂടി അംഗമായി ഉൾപ്പെടുത്തണമെന്ന് പരാമർശം(2) പ്രകാരം കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ സെക്രട്ടറി ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ സെക്രട്ടറിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ (Decentralized Planning Division) ചീഫ് ആയ ശ്രീമതി ജോസഫൈൻ ജെ. -യെ പരാമർശം(1) ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ രൂപീകരിച്ചിട്ടുള്ള കൊവിഡ്-19 സെല്ലിൽ, അംഗമായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
ചീഫ്, ഡീസെൻട്രലൈസ്ഡ് പ്ലാനിംഗ് ഡിവിഷൻ, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൌൺ പ്ലാനർ, നഗര ഗ്രാമാസൂത്രണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ ജനറൽ, കില

File No.LSGD-DC1/71/2020-LSGD

എല്ലാ ജില്ലാ കളക്ടർമാർക്കും
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Manjula

സെക്ഷൻ ഓഫീസർ